No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പുന:ക്രമീകരിച്ച മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച്

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുണ്ടായിരുന്ന സീറ്റുകളും, 30.08.2018 ലെ ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി പ്രവേശനാനുമതി ലഭിച്ച 4 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് സീറ്റുകളും നികത്തുന്നതിനായി 2018 സെപ്റ്റംബർ 4, 5 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തിയിരുന്നു. എന്നാൽ മേല്പറഞ്ഞ നാല് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പുതുതായി പ്രവേശനാനുമതി നൽകിയ ബഹു. ഹൈക്കോടതി ഉത്തരവിനെതിരെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സമർപ്പിച്ച റിട്ട് അപ്പീലിന്മേൽ പ്രസ്തുത ഹൈക്കോടതി വിധി സ്റ്റേ ചെയ്തുകൊണ്ട് 05.09.2018 ന് ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് മോപ്പ്-അപ്പ് കൗൺസലിംഗ് നിർത്തിവച്ചിരുന്നു. പ്രസ്തുത റിട്ട് അപ്പീൽ ബഹു. സുപ്രീം കോടതി 07.09.2018-ന് വീണ്ടും പരിഗണിക്കുകയും പുതുതായി ഉൾപ്പെടുത്തിയ നാല് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് തുടർന്നുകൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ നാല് മെഡിക്കൽ കോളേജുകളെ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നേരത്തേയുണ്ടായിരുന്ന ഒഴിവുകൾ നികത്തുന്നതിനായുള്ള പുന:ക്രമീകരിച്ച മോപ്പ്-അപ്പ് കൗൺസലിംഗ് **2018 സെപ്റ്റംബർ 8, 9** തീയതികളിലായി **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിനായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകളിൽ നിന്നും ബഹു. സുപ്രീം കോടതി പ്രവേശനം തടഞ്ഞിട്ടുള്ള നാല് സ്വാശ്രയ മെഡിക്കൽ കോളേജുകളെ ഒഴിവാക്കിയ ശേഷമുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതാണ്.

പുതുതായി ഉൾപ്പെടുത്തിയ 4 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷനുകൾ ഒഴികെ വിദ്യാർത്ഥികളുടെ നിലവിലെ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ് അലോട്ട്മെന്റിന് അർഹമായതും 2018 സെപ്റ്റംബർ 4, 5 തീയതികളിൽ നടത്തിയ മോപ്പ്-അപ്പ് കൗൺസലിംഗിൽ ലഭിച്ച അലോട്ട്മെന്റിന് മാറ്റമില്ലാത്തതുമായ 93 വിദ്യാർത്ഥികളുടെ പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട് (<u>പട്ടിക-1</u>). ഇവർ അതത് കോളേജുകളിൽ ഇതിനോടകം റാങ്കിന്റെയും ഓപ്ഷനുകളുടെയും അടിസ്ഥാനത്തിൽ പ്രവേശനം സ്ഥിരപ്പെടുത്തിയിട്ടുള്ളതിനാൽ വീണ്ടും മോപ്പ്-അപ്പ് കൗൺസലിംഗിൽ ഹാജരാകേണ്ടതില്ല. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ബാക്കി വരുന്ന ഒഴിവുള്ള സീറ്റുകളുടെ കാറ്റഗറി തിരിച്ചുള്ള പട്ടികയും (<u>പട്ടിക-2</u>) ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഒഴിവുള്ള സീറ്റുകളിലേയ്ക്കായിരിക്കും 2018 സെപ്റ്റംബർ 8, 9 തീയതികളിൽ മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തുന്നത്. മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾ താഴെ കാണുന്ന സമയക്രമം പ്രകാരം ഹാജരാകേണ്ടതാണ്.

മോപ്പ്-അപ്പ് കൗൺസലിംഗിന്റെ ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻ പൂർത്തിയാക്കിയതിനുശേഷം അലോട്ട്മെന്റ് ലഭിച്ചിട്ടും വിദ്യാർത്ഥികൾ അഡ്മിഷന് ഹാജരാകാതെ ഒഴിവുവരുന്ന സീറ്റുകളും പുതുതായി സൃഷ്ടിക്കപ്പെടുന്ന ഒഴിവുകളും പരിഗണിച്ചുകൊണ്ട് വീണ്ടും അലോട്ട്മെന്റ് നടത്തുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിൽ സീറ്റുകൾ മുഴുവനും നികത്തുന്നതുവരെ ഈ പ്രക്രിയ തുടരുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിന്റെ ഏതെങ്കിലും ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനു ഹാജരാകാത്ത വിദ്യാർത്ഥികളെ തുടർന്നുള്ള ഘട്ടങ്ങളിൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. എന്നാൽ ഓപ്ഷനുകൾ ഉണ്ടായിരുന്നിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്ന വിദ്യാർത്ഥികളെ തുടർ ഘട്ടങ്ങളിൽ അവരുടെ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ അതേ കോഴ്സിലേയ്ക്ക് വീണ്ടും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് സീറ്റുകളും സർക്കാർ ദന്തൽ കോളേജുകളിലെ ബി.ഡി.എസ് സീറ്റുകളും നികത്തിയതിന് ശേഷം മാത്രമേ സ്വാശ്രയ ദന്തൽ കോളേജുകളിലെ പ്രവേശനം നടത്തുകയുള്ളു.

**മോപ്പ്-അപ്പ് കൗൺസലിംഗിന്റെ പുന:ക്രമീകരിച്ച സമയക്രമം താഴെക്കൊടുക്കുന്നു.**

| ഹാജരാകേണ്ട തീയതിയും സമയവും | കാറ്റഗറി | KEAM-2018 മെഡിക്കൽ റാങ്ക് |
|---|---|---|
| 08.09.2018 രാവിലെ 9 മണി | ജനറൽ കാറ്റഗറി | 4,000 വരെ |
| | BH, EZ, MU, ZL, ZM, ZH, AC, ZJ, MK, MM | 7,000 വരെ |
| | VK, SC | 18,000 വരെ |
| | മറ്റുള്ള കാറ്റഗറികൾ | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും |
| 08.09.2018 ഉച്ചയ്ക്ക് 2 മണി | ജനറൽ കാറ്റഗറി | 20,000 വരെ |
| | EZ, MU,BH, LA, DV, VK, SC | 26,000 വരെ |
| | മറ്റുള്ള കാറ്റഗറികൾ | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും |
| 09.09.2018 രാവിലെ 9 മണി | എല്ലാ കാറ്റഗറികളും | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും |

| പുതുതായി എൻ.ആർ.ഐ രേഖകൾ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഹാജരാകേണ്ട സമയം (എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ആവശ്യത്തിന് അപേക്ഷകർ ലഭ്യമല്ലാതെ വന്നാൽ മാത്രമായിരിക്കും ഇവരെ പരിഗണിക്കുക) | |
|---|---|
| KEAM-2018 മെഡിക്കൽ റാങ്ക് | ഹാജരാകേണ്ട തീയതിയും സമയവും |
| 20,000 റാങ്ക് വരെ | 08.09.2018 ഉച്ചയ്ക്ക് 2 മണി |
| 20,000 റാങ്കിന് ശേഷം | 09.09.2018 രാവിലെ 9 മണി |

| | |
|---|---|
| **KEAM-2018 റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾ ഹാജരാകേണ്ട സമയം** (KEAM-2018 റാങ്ക് ലിസ്റ്റിൽ നിന്നും അപേക്ഷകർ ലഭ്യമാകാതെ ഒഴിവുവരുന്ന സീറ്റുകളിലേയ്ക്കു മാത്രം പരിഗണനാർഹം) | **09.09.2018 ഉച്ചയ്ക്ക് 2 മണി** |

**കുറിപ്പ്**: നേരത്തെ ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയിരുന്ന വിദ്യാർത്ഥികൾക്ക് 2018 സെപ്റ്റംബർ 4, 5 തീയതികളിൽ നടത്തിയ മോപ്പ്-അപ്പ് കൗൺസലിംഗിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദായിട്ടുണ്ടെങ്കിൽ നേരത്തെയുണ്ടായിരുന്ന അഡ്മിഷൻ പുന:സ്ഥാപിച്ച് നൽകുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**: മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച 01.09.2018 ന് പുറപ്പെടുവിച്ച പരിഷ്കരിച്ച വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.09.2018